(ബി) പ്രസ്തുത റേഡിയോഗ്രാഫറുടെ തസ്തികയിൽ ഇപ്പോൾ ആരെയാണ് നിയമിച്ചിട്ടുള്ളത് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉവ്വ്.
(ബി) ശ്രീമതി പി. ഇന്ദിരാകുമാരിയെ.

മേജർ ഇറിഗേഷൻ പദ്ധതികൾ

* 235. [31] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64 സാമ്പത്തികവർഷത്തിൽ എത്ര മേജർ ഇറിഗേഷൻ പദ്ധതികൾക്ക് അനുവാദം ലഭിച്ചിട്ടുണ്ട് ; അവ ഏവ ;

(ബി) അതിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളവ ഏവ ;

(സി) മറ്റുള്ളതിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കും ?

ജലസേചനവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ, ബി, സി) രണ്ടാം പദ്ധതിയിൽനിന്നും തുടർന്നുവരുന്ന നാലു സ്കീമുകളുടേയും പ്രോജക്ട് റിപ്പോർട്ടുകൾക്ക് പ്ലാനിംഗ് കമ്മിഷന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. 63–64-ൽ ഇവയിൽ ഒന്നിനും ക്ലിയറൻസ് കിട്ടിയിട്ടില്ല. എന്നാലും പ്ലാനിംഗ് കമ്മിഷന്റെ അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് മേൽപ്പറഞ്ഞ പദ്ധതികളുടെ എല്ലാം ജോലികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അവ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ജില്ലാ താലൂക്ക് ആശുപത്രികൾ

* 236. [32] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ താലൂക്ക് ആശുപത്രികൾ കൂടുതൽ വികസിപ്പിക്കേണ്ടതായി ഇനിയും ഏതെല്ലാം ഉണ്ട് ;

(ബി) കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ ആവശ്യത്തിനുള്ള സ്ഥലവും കിടക്കകളും നേഴ്സുമാരും ഇല്ലെന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ആശുപത്രി വികസിപ്പിച്ച് എക്സ്റേ മുതലായ ഉപകരണങ്ങളും സ്ഥലസൗകര്യവും ഉണ്ടാക്കുന്നതിന് വേണ്ട നടപടികൾ ഉടനടി സ്വീകരിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) സ്റ്റേറ്റിൽ ഉള്ള എല്ലാ ജില്ലാ ആശുപത്രികളും താലൂക്ക് ആശുപത്രികളും ഇനിയും വികസിപ്പിക്കേണ്ടതായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇതു് ബഡ്ജറ്റിൽ തുക ലഭ്യമാകുന്നതിനെ ആശ്രയിച്ചിരിക്കുന്ന ഒരു കാര്യമാണു്. തുക വകയിരുത്തുവാൻ സാധിക്കുന്നതനുസരിച്ച് ഇതുകൂടി പരിഗണിക്കാം.

ഭക്ഷ്യവിഷം കാരണം അപകടങ്ങൾ സംഭവിച്ച കേസ്സുകൾ

* 237. [33] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 കലണ്ടർ വർഷത്തിൽ സ്റ്റേറ്റിൽ ഭക്ഷ്യവിഷം കാരണമായി അപകടങ്ങൾ സംഭവിച്ച എത്ര കേസ്സുകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട് ; എവിടെയെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച് എത്രപേരെ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നിട്ടുണ്ട് ; അതിൽ എത്ര പേർക്ക് ജീവനാശം സംഭവിച്ചു ;

(സി) ഭക്ഷ്യവിഷബാധ സംബന്ധിച്ച് ഏതെങ്കിലും സംവേങ്ങം ഗവണ്മെൻറ് അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ ഉള്ളടക്കം വ്യക്തമാക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 11 കേസ്സുകളം. അവ ചിറക്കള, കൊല്ലം, എഴപ്പുന്ന, മുഹമ്മ, വെണ്ണിക്കള, അരൂക്കുറ്റി, എറണാകുള, ഒല്ലൂർ, തലശ്ശേരി, കൊപ്പം, മണ്ണന്തേരി എന്നീ സ്ഥലങ്ങളിലാണ് അപകടങ്ങം സംഭവിച്ചതു്.

(ബി) 495 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവരിൽ 8 പേർക്ക് ജീവനാശം സംഭവിച്ചു.

(സി) ഭക്ഷ്യവിഷബാധകളം സംബന്ധിച്ച് പബ്ലിക്ക് ഹെൽത്തു് ഉദ്യോഗസ്ഥന്മാരും മെഡിക്കൽ ഉദ്യോഗസ്ഥന്മാരും പ്രത്യേക അന്വേഷണങ്ങം നടത്തുകയും വിഷബാധയുള്ള പ്രത്യേക കാരണങ്ങളടങ്ങിയ വിശദമായ റിപ്പോർട്ട് ഗവണ്മെൻറിലേക്ക് സമർപ്പിക്കുകയുമാണ് സാധാരണ പതിവു്. ഭക്ഷ്യവിഷബാധകളുണ്ടാകുമ്പോം സംശയിക്കപ്പെടുന്ന ഭക്ഷ്യപദാർത്ഥങ്ങളുടെ സാമ്പിളുകം വിഷാംശം കലർന്നതാണോയെന്നു് പരിശോധിക്കുവാൻ ഗവണ്മെൻറ് അനലിസ്റ്റ് ലാബറട്ടറിയിലേക്ക് അയച്ചുകൊടുക്കുന്നു. പരിശോധനാഫലം അപ്പഴപ്പോം ഗവണ്മെൻറ് അനലിസ്റ്റ് ഗവണ്മെൻറിനെ അറിയിക്കുന്നു. ഈ അന്വേഷണങ്ങളുടെയും ഉപരിയായ ലാബറട്ടറി പരിശോധനകളുടെയും ഫലമായി മിക്ക കേസ്സുകളിലും കൃമിക്കൽ പോയിസനാണ് വിഷബാധയുള്ള കാരണമെന്നു് തെളിഞ്ഞിട്ടില്ല. Gastroentritis തുടങ്ങിയ രോഗകാരണങ്ങളായ ചില ജീവകങ്ങം മാത്രമേ ലാബറട്ടറി പരിശോധനയിൽ കണ്ടിട്ടുള്ള. ഇതിനിന്റെ കാരണം ഭക്ഷണം പാകം ചെയ്യുന്നതിലും അവ കൈകാര്യം ചെയ്യുന്നതിലുമുള്ള അശ്രദ്ധയാണ്.

ഹോം നേഴ്സിംഗ്.

* 238. [34] ശ്രീ. പി. എസ്സ്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) ഹോം നേഴ്സിംഗ് പരിശീലനത്തിനു് തിരഞ്ഞെടുക്കപ്പെടുകയും പരിശീലനം പൂർത്തിയാക്കുകയും ചെയ്ത എത്ര പെൺകുട്ടികളം സ്റ്റേറ്റിലുണ്ട് ;

(ബി) ഇവർ തുടന്നു് അതതുസ്ഥലത്തെ ആശുപത്രികളിൽ സേവനമനുഷ്ഠിച്ചു വരികയാണോ;

(സി) ഇവർക്ക് എന്തെങ്കിലും പ്രതിഫലമോ അലവൻസോ നൽകുന്നുണ്ടോ;

(ഡി) ഇവർക്ക് ഉപരിപരിശീലനം നൽകുന്നതിനെ സംബന്ധിച്ചു് ഗവണ്മെൻറിന്റെ പരിപാടി എന്താണു്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 1,380.

(ബി) അല്ല.

(സി) ഇല്ല.

(ഡി) പ്രതിരോധ സജ്ജീകരണനടപടിയുടെ ഒരു രോഗമായി വേണ്ടി വന്നാൽ എമർജൻസി, ക്യാഷ്വാലിറ്റി സർവീസ് നടത്തുന്നതിനു് ജനങ്ങൾക്ക് പരിശീലനം നൽകുക എന്നതുമാത്രമായിരുന്നു ഗവണ്മെൻറിന്റെ ഉദ്ദേശം. അല്ലാതെ പരിശീലനം കഴിഞ്ഞവർക്ക് ജോലിയോ ഉപരി പരിശീലനമോ, അലവൻസോ കൊടുക്കണമെന്നു ഉദ്ദേശിച്ചല്ല ഇവരെ തിരഞ്ഞെടുത്തതു്.

LIBRARY ARCHIVES Kerala Legislative Assembly